**മഹാത്മാഗാന്ധി സർവ്വകലാശാല**

(സംഗ്രഹം)

വിഷയം :റൂസ പദ്ധതിയിൽ ഉൾപ്പെടുത്തിയ ലൈബ്രറി അനക്സ് കെട്ടിടത്തിന്റെ പ്രവർത്തനം – കരാർ മാറ്റി നൽകുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം– ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണവും വികസനവും III – സെക്ഷൻ

യു ഓ നം : 5473/പി&ഡി 3/2018/ഭ വി തിയതി : 13.07.2018

പരാമർശം: 1) യു ഓ നം:473/ പി&ഡി –3/1/2017/ഭ വി തിയതി :9/11/2016

2) യു ഓ നം:2318/ പി&ഡി –3/1/2017/ഭ വി തിയതി :04.2017

3) യു ഓ നം:857/ പി&ഡി –3/2/2017/ഭ വി തിയതി : 07.02.2018

4) യു ഓ നം:3661/ പി&ഡി –3/1/2018/ഭ വി തിയതി : 26.04.2018

5) ശ്രീ .സി ഡി ആന്റണി ജേക്കബ്, കരാറുകാരനിൽ നിന്നും 13.06.2018 തിയതിയായി ലഭിച്ച കത്ത്.

6) 30.06.2018– ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനം നം: ഒ എ40/18.05/181723

## ഉത്തരവ്

പരാമർശം (1) പ്രകാരം റൂസ ഫണ്ട് വിനിയോഗിച്ച് 2016–17 സാമ്പത്തികവർഷം സർവകലാശാലയിൽ 1,37,12,000/–( ഒരു കോടി മുപ്പത്തേഴ് ലക്ഷത്തി പന്ത്രണ്ടായിരം രൂപ മാത്രം) രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായി ഡിജിറ്റൈസിങ് സൗകര്യത്തിനായി നിർമ്മിക്കുന്ന ലൈബ്രറി അനക്സ് കെട്ടിടത്തിന്റെ രൂപരേഖയും എസ്റ്റിമേറ്റും 22.06.2016 ന ചേർന്ന റൂസ അവലോകന സമിതി യോഗത്തിൽ സമർപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് .

ഇതിന്റെ അടിസ്ഥാനത്തിൽ ഇ –ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് സർവകലാശാല എൻജിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവാകുകയും സർവകലാശാല എഞ്ചിനീയർ UE/DB/E2/2016–17 തിയതി 04.01.2017 ആയി ഇ –ടെൻഡർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സി ഡി ആന്റണി ജേക്കബ് ,ഗവ.കോൺട്രാക്ടർ, ചിറ്റാട്ടുതറ house ,പള്ളുരുത്തി ,കൊച്ചി എന്നയാൾക്ക് പ്രവൃത്തിയുടെ കരാർ നൽകുന്നതിന് സർവകലാശാല എഞ്ചിനീയർ സമർപ്പിച്ച കത്ത് നം:EUW 172/16 തിയതി :01.03.2017,ബഹു വൈസ് ചാൻസലർ അംഗീകരിക്കുകയും പരാമർശം 2 പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു .

കരാർ പ്രകാരം പ്രസ്തുത കോൺട്രാക്ടർക്ക് പ്രവൃത്തിയുടെ കരാർ 28.04.2017 തിയ്യതിയായി വർക്ക് ഓർഡറിലൂടെ നൽകുകയും കരാറുകാരൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു .

പരാമർശം (3), പ്രകാരം വർക്ക് സൈറ്റിലെ സാഹചര്യമനുസരിച്ച് ഒരു റീറ്റെയ്നിങ് വാൾ കൂടി നിർമ്മിക്കേണ്ടതുണ്ട് എന്നും ആദ്യത്തെ ഡ്രോയിങ്ങിലും പ്രവൃത്തിയിലും ഇല്ലാത്ത പ്രവൃത്തി ആയതിനാൽ ഇതിന് 4,73,594/– രൂപ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ അധികം ചെലവ് വരും എന്ന് സർവകലാശാല എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു .കൂടാതെ പദ്ധതിയുടെ ഷെഡ്യൂൾഡ് എഗ്രിമെന്റ് പ്രകാരം സോയിൽ എസ്കവേഷനുള്ള നിരക്കാണ് ചേർത്തിരിക്കുന്നത് .എന്നാൽ മേൽമണ്ണ് മാറ്റിയപ്പോൾ ഹാർഡ് ലാറ്ററേറ്റ് ആണ് ഉള്ളത് എന്നും അതിനാൽ സോയിൽ എസ്കവേഷനുള്ള ഷെഡ്യൂൾഡ് നിരക്കിന് പകരം ഓർഡിനറി റോക്കിന്റെ റേറ്റ് ഏകദേശം 44820/–രൂപ കോൺട്രാക്ടർക്ക് അധിക ചെലവായി നൽകേണ്ടതാണ് എന്നും സർവകലാശാല എഞ്ചിനീയർ ശുപാർശ ചെയ്തിരുന്നു .തുടർന്ന് ടി വിഷയത്തിൽ വിശദമായ റിപ്പോർട്ട് നല്കാൻ ഫിനാൻസ് ഓഫീസറെയും സർവകലാശാല എൻജിനീയറെയും ചുമതലപ്പെടുത്താൻ തീരുമാനിച്ചിരുന്നു .

പരാമർശം (4), പ്രകാരം ഫിനാൻസ് ഓഫീസറുടെ വിശദമായ റിപ്പോർട്ടിൻമേൽ ശുപാർശ അംഗീകരിക്കുന്നതാണ് എന്നും മേൽ സൂചിപ്പിച്ച രണ്ട് ജോലികൾക്കുമായി 5,18,414/– രൂപ ചെലവ് വരുമെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത തുക സർവകലാശാല ബജറ്റിലെ 23,730,94–RUSA PROJECTഎന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താനും ഉത്തരവായിരുന്നു.

എന്നാൽ പരാമർശം (5), പ്രകാരം അധിക നിരക്ക് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായതിനാൽ നിലവിലെ മാർക്കറ്റ് നിരക്ക് അനുവദിക്കുകയോ തന്നെ കരാർ ജോലിയിൽ നിന്ന് ഒഴിവാക്കുകയോ ചെയ്യണമെന്നുള്ള റെപ്രസെന്റേഷൻ യൂണിവേഴ്സിറ്റിക്ക് കരാറുകാരൻ അയച്ചിരുന്നു. കരാറുകാരൻ ഇതുസംബന്ധിച്ച് ഹൈ കോടതിയിൽ ഒരു റിട്ട് പെറ്റിഷൻ wp (c) N0.18437/2018 ഫയൽ ചെയ്യുകയുംചെയ്തിരുന്നു .

തുടർന്ന് 18.06.2018–ന് മിനി കോൺഫെറൻസ് ഹാളിൽ വച്ച് നടന്ന ലൈബ്രറി അനെക്സ് കെട്ടിട നിർമാണം സംബന്ധിച്ച്, ബന്ധപ്പെട്ട കോൺട്രാക്ടറുമായി നടത്തിയ ചർച്ചയിൽ കരാറുകാരന്റെ അപേക്ഷ പരിഗണിക്കുകയുണ്ടായി .ചർച്ചയിൽ, അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടായി എന്നും ഒരിക്കൽ ടെന്ഡറിലൂടെ അംഗീകരിച്ച നിരക്കിൽ നിന്നും കോൺട്രാക്ടർ ആവശ്യപ്പെടുന്ന അളവിൽ വ്യതിയാനം വരുത്തി നിരക്ക് ഉയർത്തി നൽകുന്നതിന് നിയമപ്രകാരം കഴിയുന്നതല്ല എന്നും സർവകലാശാല എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. നിലവിലെ കരാറുകാരനെ ഒഴിവാക്കുന്ന പക്ഷം ഒരാഴ്ചയ്ക്കുള്ളിൽ പുതിയ ടെൻഡർ പുറപ്പെടുവിച്ച് പുതിയ കരാറുകാരനെ കണ്ടെത്താൻ കഴിയുമെന്നും സർവകലാശാല എഞ്ചിനീയർ അറിയിച്ചിരുന്നു.

മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടിരുന്നു .

- കോൺട്രാക്ടർ സി ഡി ആന്റണി ജേക്കബ് പദ്ധതിക്ക് വേണ്ടി ചെലവാക്കിയ തുക കണക്കാക്കുന്നതിനു സർവകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി.
- കോൺട്രാക്ടറുടെ ഭാഗത്ത് നിന്നും പദ്ധതിക്കായി ചെലവായതിൽ നിയമാനുസൃതം നൽകുവാൻ കഴിയുന്ന തുക നൽകിക്കൊണ്ട് ടിയാനെ റൂസ പദ്ധതി പ്രകാരമുള്ള ലൈബ്രറി അനക്സ് കെട്ടിട നിർമ്മാണത്തിന്റെ കരാറിൽ നിന്നും ഒഴിവാക്കുന്നതിനും പ്രസ്തുത ശുപാർശ 30.06.2018 –ലെ സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

മേൽ ശുപാർശകൾ ബഹു .വൈസ് ചാൻസലർ 21.06.2018 തിയ്യതിയായി അംഗീകരിച്ചിരുന്നു.

പരാമർശം (6) പ്രകാരം 30.06.2018 ന് കൂടിയ സിൻഡിക്കേറ്റ് യോഗം മേൽ വിഷയങ്ങൾ പരിഗണിച്ച് താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു.

കോൺട്രാക്ടർ സി ഡി ആന്റണി ജേക്കബ് പദ്ധതിക്ക് വേണ്ടി ചെലവാക്കിയ തുക കണക്കാക്കുന്നതിന് സർവകലാശാല എൻജിനീയറെ ചുമതലൽപ്പെടുത്തുന്നതിനും കോൺട്രാക്ടറുടെ ഭാഗത്ത് നിന്നും ചെലവായതിൽ നിയമാനുസൃതം നൽകുവാൻ കഴിയുന്ന തുക നൽകിക്കൊണ്ട് ടിയാനെ റൂസ പദ്ധതി പ്രകാരമുള്ള ലൈബ്രറി അനക്സ് കെട്ടിട നിർമ്മാണത്തിന്റെ കരാറിൽ നിന്നും ഒഴിവാക്കുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

തുളസീലാൽ ആർ.എൻ<br>
ഡെപ്യൂട്ടി രജിസ്ട്രാർ (പി &ഡി)<br>
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ– 1 (ഭരണ വിഭാഗം )
4. സർവ്വകലാശാല എൻജിനീയർ
5. ശ്രീ . സി ഡി ആന്റണി ജേക്കബ്
6. ഫിനാൻസ് I , IV /ഓഡിറ്റ് I , V , IQAC
7. എ സി സി സെക്ഷൻ /എ ഡി ഡി സെക്ഷൻ
8. ജോയിന്റ് ഡയറക്ടർ , കെ എസ് എ ഡി / അക്കൗണ്ട്സ് V
9. റെക്കോർഡ്സ് സെക്ഷൻ / ജനറൽ ക്യാഷ്
10. സി . എം . എസ്
11. എസ് .എഫ്/ എഫ്. സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: പി & ഡി- 3/014/6376/2016/ഭരണവിഭാഗം